(ഇ) നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിരുദ്ധമായി പ്രസ്തുത തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1993-95-ലെ എസ്റ്റിമേറ്റ് കമ്മിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അധിക തസ്തികകൾ അനുവദിക്കുന്നതിനും വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി പഠനം നടത്തണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇതുപ്രകാരം പി. ആന്റ് എ.ആർ.ഡി. വകുപ്പ് പഠനം നടത്തി റിപ്പോർട്ട് സർക്കാരിന്സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലുള്ള ശ്രീമതി പി. രാധാദേവിയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് വകുപ്പിന്റെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

(സി) ഒരു പ്രാവശ്യം.

ശ്രീമതി ലീല ആർ വർമ്മ (ഐ.എ. ആന്റ് എ.എസ്സ്. 1994)

ശ്രീ. എസ്. ദിവാകരൻ പിള്ള (ഐ.എ. ആന്റ് എ.എസ്സ്. 1995)

ശ്രീ. എൽ. ശിവശങ്കരപിള്ള (ഐ.എ. ആന്റ് എ.എസ്സ്. 1995)

ശ്രീമതി പി. രാധാദേവി (ഐ.എ. ആന്റ് എ.എസ്സ്. 1995)

(ഡി) 3-2-2000-ൽ

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ

39 (2752) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിൽ ഓഡിറ്റ് മാന്വൽ നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിൽ എത്ര വാല്യങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ മാനുവലിൽ സർക്കാരിന്റെ അംഗീകാരം ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ അംഗീകാരം നൽകണമെന്ന് ഏതെങ്കിലും സർവീസ് സംഘടന ആവശ്യമുന്നയിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏത് സംഘടനയാണ് ഇപ്രകാരമുള്ള ആവശ്യം ഉന്നയിച്ചിട്ടുള്ളത്; ഈ ആവശ്യത്തിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലോക്കൽ ഫണ്ട് ആഡിറ്റ് മാന്വൽ അംഗീകരിക്കുവാൻ സത്വര നടപടി എടുക്കുമോ ;

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) അഞ്ച് വാല്യങ്ങൾ.

(സി) 1958-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ രണ്ടാം വാല്യം സർക്കാർ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1985-ൽ തയ്യാറാക്കിയ മാന്വലിന്റെ പുതിയ 5 വാല്യങ്ങൾക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് അസ്സോസിയേഷൻ ഇതിന്മേൽ അന്തിമ തീരുമാനമായിട്ടില്ല.

(എഫ്) ആഡിറ്റ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച അന്തിമ തീരുമാനമായാൽ മാത്രമെ ലോക്കൽ ഫണ്ട് ആഡിറ്റ് മാന്വൽ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

ടെസ്റ്റ് പാസാകാതെ ഉദ്യോഗത്തിൽ തുടരുന്നവർ

40 (2753) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽനിന്ന് 1999-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഒരു പട്ടികജാതി ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ ആ ഉദ്യോഗസ്ഥൻ ആരായിരുന്നുവെന്നും പിരിച്ചുവിടാനുള്ള കാരണമെന്തായിരുന്നു എന്നും വെളിപ്പെടുത്തുമോ; അദ്ദേഹം എത്ര വർഷം സർവ്വീസുള്ള ആളായിരുന്നു ;

(ബി) ടെസ്റ്റ് പാസാകാതെ പ്രൊമോഷൻ ലഭിച്ച് ഈ വകുപ്പിൽ തുടരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുണ്ടോ ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥനും ഇതേ ആനുകൂല്യം നൽകി സർവ്വീസിൽ തുടരാൻ അനുവദിക്കുമോ ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ ആരെയും 1999-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽനിന്നും പിരിച്ചു വിട്ടിട്ടില്ല. എന്നാൽ തൃശൂർ ജില്ലയിൽ നിന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പിട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനെ 1999-ൽ പിരിച്ചു വിട്ടിട്ടുണ്ട്. ഒന്നാം ഗ്രേഡ്

LIBRARY ARCHIVES Kerala Legislative Assembly